## പതിനാലാം കേരള നിയമസഭ

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2769 — 12.03.2018 -ൽ മറുപടിക്ക്

### സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി

**ചോദ്യം**

ശ്രീ.എ.പി. അനിൽ കുമാർ :

സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുകയുടെ എത്ര ശതമാനം ഇതുവരെ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ?

**ഉത്തരം**

ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി)

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തുന്നതിനു ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും, എവിടെ വച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ 39 വില്ലേജാഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുകയുടെ (15 കോടി രൂപ) 38.38% ഇതു വരെ ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ